I ഇ.ബി. XIII- കേരള നിയമസഭ/VIII-7

# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 മാർച്ച് 25, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തര പ്രമേയം**

**കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ**

മി. സ്പീക്കർ: കശുവണ്ടി വികസന കോർപ്പറേഷൻ ഏറ്റെടുത്ത സ്വകാര്യ ഫാക്ടറികൾക്ക് നഷ്ടപരിഹാരമായി നൽകാൻ നീക്കിവച്ച 25 കോടി രൂപ യഥാസമയം കോർപ്പറേഷന് നൽകാത്തതിനെത്തുടർന്ന് കശുവണ്ടി മേഖല അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. എ. അസീസ്, പി. കെ. ഗുരുദാസൻ, വി. എസ്. സുനിൽകുമാർ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ജില്ലാ കളക്ടറുടെ വാല്യുവേഷൻ കിട്ടിയ ശേഷമേ സർക്കാർ ഏറ്റെടുക്കുന്ന കശുവണ്ടി ഫാക്ടറികൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ കഴിയൂ. ഇതിനായി മന്ത്രിസഭയുടെ അനുമതി യോടെയോ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിലൂടെയോ ആവശ്യമായ തുക നൽകുവാനാകും. മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ തുക ഈ മേഖലയ്ക്കുവേണ്ടി നീക്കിവച്ചിട്ടുണ്ട്. പണം ഇല്ലാത്തതിന്റെ പേരിൽ ഫാക്ടറി വിട്ടുകൊടുക്കേണ്ട അവസ്ഥ ഉണ്ടാകുകയില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

ശ്രീ. എ. എ. അസീസ്: കശുവണ്ടി ഫാക്ടറികൾ മുതലാളിമാർക്ക് വിട്ടുകൊടുക്കണമെന്ന കോടതിവിധി മറികടക്കുന്നതിനുവേണ്ടിയാണ് കാഷ്യൂ ഫാക്ടറീസ് (അക്വ്യുസിഷൻ അമെന്റ്മെന്റ്) ആക്ട് ഈ നിയമസഭ പാസ്സാക്കുകയും 25 കോടി രൂപ വകയിരുത്തുകയും ചെയ്തത്. പ്രസ്തുത നിയമത്തിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ കാണിച്ചിട്ടുള്ള 25 കോടി രൂപ ബഡ്ജറ്റിൽ വക കൊള്ളിക്കാത്തതിനെത്തുടർന്ന് കശുവണ്ടി മേഖലയിലെ 20000 തൊഴിലാളികൾ പ്രതിസന്ധിയിലായിരിക്കുകയാണ്. നാടൻ തോട്ടണ്ടി കുത്തക സംഭരണ വിതരണ പദ്ധതി നടപ്പാക്കിയ കാലയളവിൽ കശുവണ്ടി വികസന കോർപ്പറേഷൻ 36 ഫാക്ടറികൾ ഏറ്റെടുത്തുവെങ്കിലും കോടതി വിധി പ്രകാരം അവ തിരിച്ചുനൽകേണ്ടി വന്നു. ഇപ്പോൾ കോടതിയിൽ പോയിരിക്കുന്ന മുതലാളിമാർ എല്ലാം ബിനാമികളാണ്. ഈ രംഗത്ത് നിലനിന്നിരുന്ന അഴിമതിയും ചൂഷണവും അവസാനിപ്പിക്കാൻ രൂപീകരിച്ച പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും ഇല്ലാതായാൽ

സ്വകാര്യ മുതലാളിമാരുടെ ഫാക്ടറികളിൽ തൊഴിലാളികൾ പതിന്മടങ്ങ് ചൂഷണത്തിന് വിധേയരാകും. ഗുരുതരമായ ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കശുവണ്ടി ഫാക്ടറിയുടെ അക്യുസിഷനു വേണ്ടി കൊടുക്കാൻ പണമില്ലാത്തതുകൊണ്ട് ഫാക്ടറി വിട്ടുകൊടുക്കുമെന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകുകയില്ലെന്ന് ഗവൺമെന്റ് ഉറപ്പുനൽകുന്നു. 1974-ൽ ഫാക്ടറികൾ ഏറ്റെടുത്തശേഷം മാറിമാറി വന്ന ഗവൺമെന്റുകൾ കാര്യങ്ങൾ പ്രോപ്പറായി ചെയ്യാത്തതിനാലാണ് ഇത്തരമൊരു സ്ഥിതിവിശേഷം ഉണ്ടായത്. കളക്ടർമാർ നിശ്ചയിക്കുന്ന വില നൽകാനും കശുവണ്ടി ഫാക്ടറികൾ കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽത്തന്നെ നില നിർത്തുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ മേഖലയ്ക്ക് മുൻഗണന നൽകിക്കൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

**ശ്രദ്ധ ക്ഷണിക്കൽ**

**(1) കൊച്ചിൻ പോർട്ട് ട്രസ്റ്റ് നേരിടുന്ന പ്രതിസന്ധി**

ശ്രീ. ബെന്നി ബെഹനാൻ: കൊച്ചിൻ പോർട്ടിലുണ്ടായിരുന്ന രാജീവ് ഗാന്ധി ടെർമിനൽ ദുബായ് പോർട്ട് വേൾഡിന് കൈമാറുകയും വരുമാനത്തിന്റെ 33.33% കൊച്ചിൻ പോർട്ട് ട്രസ്റ്റിനും 67% ഡി.പി. വേൾഡിനും

നൽകണമെന്ന കരാറുണ്ടാക്കുകയും ചെയ്തതോടുകൂടി കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ വരുമാനത്തിൽ അതിഭീമമായ നഷ്ടമുണ്ടായിരിക്കുകയാണ്. 2011 ഒക്ടോബറിൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ ഒന്നാംഘട്ടം പൂർത്തീകരിക്കുകയും രാജീവ് ഗാന്ധി ടെർമിനലിന്റെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തിരിക്കുകയാണ്. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിൽ നിന്നും ടെർമിനൽ ഹാന്റ്ലിംഗ് ചാർജ്ജായി ഡി.പി.വേൾഡ് അമിത തുകയാണ് ഈടാക്കുന്നത്. 2005-ൽ ഡി.പി. വേൾഡുമായി ഉണ്ടാക്കി യിട്ടുള്ള കരാർ പുന:പരിശോധിക്കുന്നതിനും കേന്ദ്രഗവൺമെന്റിൽ നിന്നും ചാനലിന്റെ ആഴം കൂട്ടുന്നതിനാവശ്യമായ തുക ലഭ്യമാക്കുന്നതിനും കൊച്ചിൻ പോർട്ടിന്റെയും വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കൊച്ചി തുറമുഖം കേന്ദ്രസർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ളതാണ്. 11-02-2011-ൽ പ്രവർത്തനക്ഷമമായ 10 ലക്ഷം ടി.യു. വാർഷിക ശേഷിയുള്ള വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി 20-12-2012-ൽ കേന്ദ്രസർക്കാർ കബോട്ടാഷ് നിയമത്തിൽ ഇളവ് അനുവദിച്ചതിനെത്തുടർന്ന് ബിസിനസ്സിൽ 10% വർദ്ധനവുണ്ടായിട്ടുണ്ട്. ഈ ടെർമിനലിൽ നിന്നുള്ള മൊത്ത വരുമാനത്തിന്റെ മൂന്നിലൊന്ന് കൊച്ചി തുറമുഖത്തിനാണ് ലഭിക്കുന്നത്.

വല്ലാർപാടം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ഡ്രെഡ്ജിംഗ് ജോലികൾ നിർവ്വഹിക്കേണ്ടത് കൊച്ചി തുറമുഖ ട്രസ്റ്റാണ്. ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗിന് കേന്ദ്ര ഗവൺമെന്റിൽനിന്നും സഹായമുണ്ടായിട്ടുണ്ടെങ്കിലും മെയിന്റനൻസ് ഡ്രെഡ്ജിംഗിന്റെ ആദ്യ മൂന്ന് വർഷങ്ങളിലെ ചെലവ് കൊച്ചിൻ പോർട്ട് ട്രസ്റ്റാണ് നൽകേണ്ടത്. ഈ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റ് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തോട് 400 കോടി രൂപയുടെ സഹായവും എഗ്രിമെന്റിൽ മാറ്റം വരുത്തുന്ന കാര്യവും അഭ്യർത്ഥി ച്ചിട്ടുണ്ട്. ഡ്രെഡ്ജർ വാങ്ങുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ആവശ്യമാണെങ്കിൽ മുഖ്യമന്ത്രി മുഖാന്തിരം സമീപിക്കുന്നതാണ്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): വല്ലാർപാടം തുറമുഖത്തിന്റെ മുഴുവൻ ചെലവും കേന്ദ്ര ഗവൺമെന്റാണ് വഹിച്ചിട്ടുള്ളത്. കപ്പൽ ചാനൽ ഡ്രെഡ്ജ് ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

## (2) <u>ശബരി റെയിൽ പദ്ധതി</u>

<u>ശ്രീ. സാജു പോൾ:</u> ശബരി റെയിൽ പദ്ധതിക്ക് 438 ഹെക്ടർ സ്ഥലം ആവശ്യമാണ്. ലാന്റ് അക്വിസിഷനുവേണ്ടി നോട്ടിഫൈ ചെയ്തിട്ടുള്ള സ്ഥലത്തിന്റെ ഉടമസ്ഥർക്ക് ഒരു ക്രയവിക്രയവും നടത്താൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ലാന്റ് അക്വിസിഷൻ ഓഫീസുകളും റെയിൽവേയുടെ മൂവാറ്റുപുഴ ഓഫീസും പ്രവർത്തനരഹിതമാണ്. കോട്ടയം ജില്ലയിൽ നിലനിൽക്കുന്ന അലൈൻമെന്റിന്റെ കാര്യത്തിലെ തർക്കവും കേരളം പകുതി തുക നൽകണമെന്നുള്ള കേന്ദ്രത്തിന്റെ നിലപാടുമാണ് ഇപ്പോൾ ശബരി

റെയിൽപാത നടപ്പാക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ പ്രധാനമന്ത്രിയേയും ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരേയും കണ്ട് ഇക്കാര്യത്തിൽ ഒരു പരിഹാരമുണ്ടാക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ശബരി റെയിൽ പാതയ്ക്കുവേണ്ടി എറണാകുളത്ത് ഭൂമി ഏറ്റെടുത്തതിന് പണം കൊടുക്കാൻ ബാക്കിയുള്ളതിനാൽ ആളുകൾ ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്തിരിക്കുകയാണ്. ഇടുക്കിയിൽ തൊടുപുഴ ബൈപ്പാസ് മൂന്ന് സ്ഥലത്ത് കട്ട് ചെയ്യുന്നതുകൊണ്ട് ഓവർബ്രിഡ്ജ് അണ്ടർ ഗ്രൗണ്ട് ടണൽ എന്നിവ പണിത് ആ പ്രശ്നം തീർക്കാൻ കഴിയുമെന്നാണ് റെയിൽവേയുടെ അഭിപ്രായം. കോട്ടയം ജില്ലയിൽ 217.10 ഹെക്ടർ സ്ഥലം ആവശ്യമാണ്. അക്കാര്യത്തിൽ എതിർപ്പുകൾ വന്നതുകൊണ്ട് ലാന്റ് അക്വിസിഷൻ തൽക്കാലത്തേക്ക് നിർത്തിവച്ചിരിക്കുകയാണ്. അലൈൻമെന്റിന്റെ കാര്യത്തിൽ മുഖ്യന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഒരു തീരുമാനം ആയിട്ടുണ്ട്. 1997-98-ൽ നിശ്ചയിച്ചിരുന്ന പദ്ധതിച്ചെലവ് 517 കോടി രൂപയായിരുന്നത് ഇപ്പോൾ 1556 കോടി രൂപയായി വർദ്ധിച്ചിരിക്കുക യാണ്. കാലതാമസം മൂലം പദ്ധതിയുടെ അലൈൻമെന്റ് പോലും പൂർത്തിയാ ക്കാത്ത സാഹചര്യത്തിൽ പഴയ പ്രോജക്ടായി കണക്കാക്കാനാവില്ലെന്നും പദ്ധതി ചെലവിന്റെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കണമെന്നു മാണ് കേന്ദ്ര റെയിൽവേ വകുപ്പിന്റെ നിലപാട്. ഇതനുസരിച്ച് 780 കോടി രൂപ യോളം സംസ്ഥാന സർക്കാർ വകയിരുത്തേണ്ടി വരും. ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും സംസ്ഥാന സർക്കാർ ചെയ്യുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): പദ്ധതി നടത്തിപ്പിന് ഗവൺമെന്റിന്റെ സാമ്പത്തിക പരിധിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ സാധിക്കുന്ന മുഴുവൻ കാര്യങ്ങളും ചെയ്യുന്നതാണ്.

## സബ്മിഷൻ

### (1) മാനസികാരോഗ്യകേന്ദ്രങ്ങളിലെ പ്രശ്നങ്ങൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന്റെ ബഡ്ജറ്റ് അലോക്കേഷൻ വർദ്ധിപ്പിക്കുന്നതിനും ആക്രമണ സ്വഭാവമുള്ള രോഗികളെ പാർപ്പിക്കുന്നതിന് സുരക്ഷിതമായ വാർഡുകൾ നിർമ്മിക്കുന്നതിനും സൈക്യാട്രിക് നഴ്സിംഗിൽ പലിശീലനം നേടിയ നഴ്സുമാർ, ഒക്ക്യുപ്പേഷണൽ തെറാപ്പിസ്റ്റുകൾ, സൈക്കോളജിസ്റ്റുകൾ എന്നിവരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനാവശ്യമായ മാസ്റ്റർ പ്ലാനും തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ സഹായത്തോടെയുള്ള മാസ്റ്റർ പ്ലാനും തയ്യാറാക്കുന്നതിനുള്ള പ്രക്രിയ പുരോഗമിച്ചുവരികയാണ്. മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ഫോറൻസിക് വാർഡുകളിൽ സിംഗിൾ റൂമുകൾ നിർമ്മിക്കുന്നതിന് ഈ ബഡ്ജറ്റിൽ അഞ്ചുകോടി രൂപ വകയിരുത്തുകയും നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതുമാണ്. ഇതിന് പുറമെ മൂന്ന് കേന്ദ്രങ്ങളിലേയ്ക്കുമായി ഡോക്ടർമാരുൾപ്പെടെ 99 ജീവനക്കാരുടെ അധിക തസ്തികകൾ ഉടൻ

സൃഷ്ടിക്കുന്നതാണ്. ഈ കേന്ദ്രങ്ങളുടെ ജോലിഭാരം കുറയ്ക്കുന്നതിനായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽവരെ മാനസികാരോഗ്യ ചികിത്സ എത്തിക്കുന്ന പരിപാടി ഈ വർഷംതന്നെ പതിനാല് ജില്ലകളിലും നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്തെ മാനസികാരോഗ്യ നയത്തിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനുവേണ്ടി പുതിയ മാനസികാരോഗ്യ നയം മെയ് മാസത്തിൽ നിലവിൽവരുന്നതാണ്. മാനസിക രോഗികളുടെ പുനരധിവാസത്തിന് മറ്റ് വകുപ്പുകളുമായി ചേർന്ന് സമഗ്രമായ പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. അവിടത്തെ നഴ്സുമാർക്ക് പ്രത്യേക ട്രെയിനിംഗ് നൽകുന്ന കാര്യം ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

## (2) <u>ഭാഷാ ന്യൂനപക്ഷ സ്കൂൾ വിദ്യാർത്ഥികളുടെ ആശങ്ക</u>

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: മലയാള ഭാഷ നിർബന്ധമാക്കുന്നതോടെ ഭാഷാ ന്യൂനപക്ഷ സ്കൂൾ വിദ്യാർത്ഥികളിൽ നിലനിൽക്കുന്ന ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): മറ്റ് സംസ്ഥാനങ്ങളിൽ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ലഭിക്കുന്ന സംരക്ഷണവും ഇവിടെ കാലാകാലങ്ങളായി പിൻതുടർന്നിട്ടുള്ള വിശാലമായ സമീപനവും കണക്കിലെടുത്തുകൊണ്ട് സർക്കാർ ജോലിക്ക് മലയാള ഭാഷ നിർബന്ധമാക്കണമെന്ന നിർദ്ദേശം പി.എസ്.സി. അംഗീകരിച്ചതുമൂലം വന്നിട്ടുള്ള ആശങ്ക ദൂരീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി പരിശോധിക്കുന്നതാണ്.

## (3) <u>ഭവന നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി</u>

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: ഭവനനിർമ്മാണ സാമഗ്രികളുടെ വില വർദ്ധനമൂലം നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നിർമ്മാണരംഗത്തുണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഭവനനിർമ്മാണ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന "നിർമ്മിതി" വഴി ബി.പി.എൽ.കാർക്ക് ഭവനനിർമ്മാണ സാമഗ്രികൾ 15% വിലകുറച്ച് കൊടുക്കുന്നുണ്ട്. നിലവിലുളള 9 കലവറകൾ കൂടാതെ 6 എണ്ണം ഉടൻ ആരംഭിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേക്ക് ഇത് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കോൺക്രീറ്റ് ബ്ലോക്ക്, സ്റ്റെബിലൈസ്ഡ് മഡ് ബ്ലോക്ക്, കോൺക്രീറ്റ് കട്ടിള, ജനൽ ഫ്രെയിമുകൾ, എന്നിവ നിർമ്മിച്ച് ആവശ്യക്കാർക്ക് മിതമായ വിലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അനധികൃത മണലൂറ്റുകാരിൽനിന്നും പിടിച്ചെടുക്കുന്ന മണൽ സർക്കാർ അംഗീകരിച്ച നിരക്കിൽ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ വഴി അർഹരായവർക്ക് വിതരണം ചെയ്യുകയും അന്യസംസ്ഥാനങ്ങളിൽനിന്നും മണൽ കൊണ്ടുവരുന്നത് പ്രോത്സാഹിപ്പിക്കുകയും എം.സാന്റിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നു.

## (4) കൊയ്ത്ത്-മെതി യന്ത്രങ്ങൾ

ശ്രീ. ജി. സുധാകരൻ: കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കുട്ടനാടൻ പാടശേഖരങ്ങൾക്ക് അനുയോജ്യമായ കൊയ്ത്ത്-മെതി യന്ത്രങ്ങൾ ലഭ്യമാക്കാനും സീസൺ കഴിഞ്ഞാൽ അവ തിരികെ വാങ്ങി പഞ്ചായത്തുകളിൽ സൂക്ഷിക്കാനും കേടാകുന്ന മെഷീനുകൾ

നന്നാക്കുന്നതിന് മേഖലാതലത്തിൽ വർക്ക്ഷോപ്പുകൾ സ്ഥാപിക്കാനും കൃത്രിമ രേഖയുണ്ടാക്കി സർക്കാർ കൊയ്ത്തു മെതി യന്ത്രങ്ങൾ കമ്മീഷൻ ഏജന്റുമാർക്ക് വിതരണം ചെയ്യാൻ കൂട്ടുനിൽക്കുന്നവർക്കെതിരെ വിജിലൻസ് അന്വേഷണം നടത്താനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): കുട്ടനാട് പാക്കേജിന്റെ 85 കോടി രൂപയുടെ കാർഷിക യന്ത്രവൽക്കരണപദ്ധതിയിൽ ആർ.കെ.വി.വൈ. സ്കീമിൽ ഉൾപ്പെടുത്തി 150 കൊയ്ത്ത്-മെതി യന്ത്രങ്ങൾ, 100 ട്രാക്ടറുകൾ, 92 പവർ ഡ്രില്ലറുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊയ്ത്ത് മെഷീനുകളുടെ ലഭ്യത ഉറപ്പുവരുത്താനും പ്രശ്നങ്ങൾ പരിഹരിക്കാനുമായി ജില്ലാതല ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വാടക നിശ്ചയിച്ച തിലെ അപാകതകൾമൂലം സ്വകാര്യമെഷീനുകൾ കൊയ്ത്തിന് ഇക്കൊല്ലം ഇറങ്ങാത്തതിനാൽ തുടക്കത്തിൽ ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. കെയ്കോ യന്ത്രങ്ങൾ ഏജന്റുമാർ മുഖേന വിതരണം നടത്തുന്നുവെന്ന ആരോപണം ശരിയല്ല. കൃഷി ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ പാടശേഖര സമിതികളുടെ അപേക്ഷകളിന്മേലാണ് കെയ്കോ യന്ത്രങ്ങൾ വിതരണം ചെയ്യുന്നത്. കുട്ടനാടൻ പ്രദേശങ്ങൾക്ക് അനുയോജ്യമായ കൊയ്ത്ത് മെതിയന്ത്രങ്ങൾ സർക്കാർ സംവിധാനത്തിനുപുറമേ കർഷകരോ പാടശേഖര സമിതികളോ സർക്കാർ സഹായത്തോടെ വാങ്ങി ലഭ്യമാക്കി കുട്ടനാടൻ മേഖലയിലെ കൊയ്ത്ത് പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കൊയ്ത്ത് കഴിഞ്ഞശേഷം യന്ത്രങ്ങൾ കുട്ടനാട്

മേഖലകളിൽ തന്നെ സൂക്ഷിക്കാനും അവയുടെ റിപ്പയറുകൾ കാലാനുസൃതമായി പൂർത്തീകരിക്കാനുമുള്ള നടപടികളെടുക്കുന്നതാണ്.

### (5) ട്രാഫിക് പോലീസ് സ്റ്റേഷൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: പുതുതായി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് കണ്ടെത്തി കാസർഗോഡ് ജില്ലയിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കാസർഗോഡ് ടൗണിൽ പ്രവർത്തിക്കുന്ന ട്രാഫിക് യൂണിറ്റ് ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. പോലീസ് സ്റ്റേഷനിലേയ്ക്കാവശ്യമായ ജീവനക്കാരെ പുനർവിന്യാസംവഴി നിയമിക്കുന്നത് ഒഴിവാക്കണമെന്ന ആവശ്യത്തിന് ധനകാര്യ വകുപ്പിന്റെകൂടി അനുവാദം ലഭിക്കേണ്ടതുണ്ട്.

### (6) പേരാമ്പ്ര സി.എച്ച്.സി.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: പേരാമ്പ്ര സി.എച്ച്.സി.യിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനും ഡയാലിസിസ് സെന്റർ പ്രവർത്തിപ്പിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): പേരാമ്പ്ര സി.എച്ച്.സി.-യിൽ സ്പെഷ്യാലിറ്റി കേഡറിലുള്ള 5 ഡോക്ടർമാരുൾപ്പെടെ 10 ഡോക്ടർമാരുടെ തസ്തിക അനുവദിക്കുകയും എൻ.ആർ.എച്ച്.എം. മുഖേന മൂന്ന് മെഡിക്കൽ ഓഫീസർമാരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പാരാമെഡിക്കൽ

വിഭാഗത്തിലുൾപ്പെടെ 41 ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട്. കോൺഫറൻസ് ഹാളിന്റെ നിർമ്മാണം നടന്നുവരുന്നു. അടിസ്ഥാന സൗകര്യ വികസനവും ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനും സൗജന്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുമുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

ശ്രീ. എളമരം കരീം: അംഗൻവാടി ജീവനക്കാർക്ക് പ്രീപ്രൈമറി ടീച്ചേഴ്സ് എന്ന പരിഗണന നൽകി പ്രതിമാസം 10,000/- രൂപ അനുവദിക്കാനും സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്താനും പെൻഷൻ തുക വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): അംഗൻവാടി ജീവനക്കാർക്ക് കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവുമുൾപ്പെടെ 2500/- മുതൽ 4063/- രൂപവരെ പ്രതിമാസ ഓണറേറിയം നൽകുന്നുണ്ട്. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസ ഓണറേറിയത്തിന്റെ സംസ്ഥാന വിഹിതം 1400/- രൂപയായി വർദ്ധിപ്പിച്ച് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. മിനിമം വേതനം നിർണ്ണയിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. 62 വയസ്സായി വിരമിക്കുന്ന വർക്കർമാർക്ക് പ്രതിമാസം 500/- രൂപയും ഹെൽപ്പർമാർക്ക് 300/- രൂപയും അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ടിൽനിന്ന് പെൻഷനായി നൽകുന്നുണ്ട്. കേരള അംഗൻവാടി വർക്കേഴ്സ് ആന്റ്

ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് പ്രവർത്തനക്ഷമമാകുന്നതോടെ പ്രധാന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നതാണ്. നിലവിലുള്ള അംഗൻവാടികളെ നബാർഡ് സഹായത്തോടെ വികസിപ്പിക്കുന്നതാണ്. അംഗൻവാടി ജീവനക്കാരെ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നിലവിലുള്ള ഓണറേറിയം വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

### (8) റിസോഴ്സ് ടീച്ചേഴ്സിന്റെ തൊഴിൽ സുരക്ഷ

ശ്രീ. റോഷി അഗസ്റ്റിൻ: എസ്.എസ്.എ.യുടെ കീഴിലുള്ള റിസോഴ്സ് ടീച്ചേഴ്സിന്റെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): എസ്.എസ്.എ.യുടെ കീഴിൽ ജോലി ചെയ്യുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് 10,000/- രൂപ പ്രതിമാസ ഓണറേറിയവും പരമാവധി 500/- രൂപ യാത്രാബത്തയും നൽകുന്നുണ്ട്. 2013-14 മുതൽ വർഷത്തിൽ 15,000/- രൂപ പ്രതിഫലം നൽകുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. സർവ്വശിക്ഷാ അഭിയാൻ ഒരു സമയബന്ധിത പ്രോജക്ടായതിനാൽ കരാർ അടിസ്ഥാനത്തിലോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ മാത്രമേ നിയമനങ്ങൾ നടത്താവൂ. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അദ്ധ്യാപകരെ ലഭ്യമല്ലാത്തതിനാൽ കരാർ അടിസ്ഥാനത്തിലാണ് റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കുന്നത്. 2013 മാർച്ച് 31-ന് നിയമന കാലാവധി അവസാനിക്കുന്ന കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ പുനർനിയമനം 2013-2014 വർഷത്തിലും തുടരുന്നതാണ്.

## (9) <u>സാക്ഷരതാ പ്രേരക്മാർ</u>

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: സാക്ഷരതാ പ്രേരക്മാർക്ക് മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥ നടപ്പാക്കാനും ഇവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരായി അംഗീകരിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u>): സാക്ഷരതാ പ്രേരക്മാർ ഓണറേറിയം വ്യവസ്ഥയിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. പ്രേരക്മാരുടെ പ്രതിമാസ ഓണറേറിയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്ന് നൽകുകയും സംസ്ഥാന സാക്ഷരതാ മിഷന്റെ ഗ്രാന്റിൽനിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്നീട് നൽകുകയുമാണ് ചെയ്യുന്നത്. നിലവിലുണ്ടായിരുന്ന ഓണറേറിയത്തുകയിൽ 2012-ൽ 60 ശതമാനം വർദ്ധനവ് വരുത്തുകയും 1.1.2012 മുതൽ മുൻകാല പ്രാബല്യം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന സാക്ഷരതാ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി 40 ശതമാനം ഓണറേറിയം വർദ്ധനവിന് ശുപാർശ ചെയ്തിട്ടുണ്ട്. ഓണറേറിയം വ്യവസ്ഥയിലുള്ള പ്രേരക്മാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരായി അംഗീകരിക്കണമെന്ന നിർദ്ദേശം പരിഗണനയിലില്ല.

## (10) <u>പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം</u>

ശ്രീ. വി. ഡി. സതീശൻ: പ്രൊഫഷണൽ സ്ഥാപനങ്ങൾ ഒഴികെയുള്ള സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ പുന:സ്ഥാപിക്കണം.

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): നിലവിലുണ്ടായിരുന്ന ഒരു വിദ്യാഭ്യാസ ആനുകൂല്യവും നിർത്തിവച്ചിട്ടില്ല. സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ മെറിറ്റ് അടിസ്ഥാനത്തിലൂടെ വരുന്ന കുട്ടികൾക്ക് എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ലഭ്യമാണ്. ഗവൺമെന്റിന്റെ പരിമിതികൾക്കക ത്തുനിന്നുകൊണ്ട് എല്ലാ മേഖലയിലും ഈ ആനുകൂല്യം കൊടുക്കാൻ കഴിയുമോയെന്ന കാര്യം ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (11) വിദ്യാഭ്യാസ സംവരണം പുന:സ്ഥാപിക്കൽ

ശ്രീ. ലൂഡി ലൂയിസ്: ആംഗ്ലോ ഇൻഡ്യൻ വിദ്യാർത്ഥികൾക്ക് ലത്തീൻ കത്തോലിക്ക സമുദായത്തോടൊപ്പം ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ സംവരണം പുന:സ്ഥാപിക്കണം.

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): ആംഗ്ലോ ഇൻഡ്യൻ സമുദായത്തെ ഒ.ബി.സി.യിൽ ഉൾപ്പെടുത്തി ഉദ്യോഗ സംവരണം അനുവദി ക്കുന്നത് ലത്തീൻ കത്തോലിക്ക (ആംഗ്ലോ ഇൻഡ്യൻ) എന്ന നിലയിലാണ്. ആംഗ്ലോ ഇൻഡ്യൻ സമുദായത്തിൽപ്പെട്ടവർ സാമ്പത്തികമായോ വിദ്യാഭ്യാസ പരമായോ പിന്നോക്കം നിൽക്കുന്നവരല്ലെന്ന കുമാരപിള്ള കമ്മീഷന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് ആംഗ്ലോ ഇൻഡ്യൻ സമുദായത്തെ

എസ്.ഇ.ബി.സി ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്യാതിരുന്നത്. ഇക്കാര്യം എങ്ങനെ പുന:പരിശോധിക്കാമെന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

## (12) താലൂക്ക് ഓഫീസ് നവീകരണവും മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവും

ശ്രീ. പി.റ്റി.എ. റഹീം: കോഴിക്കോട് താലൂക്ക് ഓഫീസ് നവീകരിക്കാനും കുന്ദമംഗലത്തുള്ള സബ് താലൂക്ക് താലൂക്കായി ഉയർത്താനും അവിടെയൊരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്ക് പുതിയതായി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് താലൂക്ക് ഓഫീസിന്റെ ജോലിഭാരം ലഘൂകരിക്കുന്നതിനുവേണ്ടിയാണ് കുന്ദമംഗലം സബ് താലൂക്ക് ഓഫീസ് രൂപീകരിച്ചത്. കുന്ദമംഗലം മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (13) താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റി

ശ്രീ. എൻ. ഷംസുദ്ദീൻ: മണ്ണാർക്കാട് ഉൾപ്പെടെയുള്ള താലൂക്കുകളിൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റി പുന:സംഘടിപ്പിക്കുകയും സർവ്വേ നടത്തി റവന്യൂ-വനം ഭൂമിയുടെ കൃത്യമായ വേർതിരിവുണ്ടാക്കുകയും ഭൂവുടമകളിൽ

നിന്നും നികുതി പിരിക്കാനാവശ്യമായ അടിയന്തര നിർദ്ദേശം നൽകുകയും ചെയ്യണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഭൂരഹിതർക്ക് സർക്കാർ പുറമ്പോക്ക് ഭൂമി പതിച്ചുനിൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിഗണിക്കുന്നതിനായി മണ്ണാർക്കാട് താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റി രൂപീകരണം സംബന്ധിച്ച നടപടികൾ അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവ്വേ നടത്തുന്ന കാര്യം വനം വകുപ്പുമന്ത്രിയുമായി ആലോചിച്ച് തീരുമാനമെടുക്കാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. നികുതി അടയ്ക്കുന്നതിനുള്ള തടസ്സമെന്താണെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ക്രമപ്രശ്നം

## നിയമത്തിന്റെ പിൻബലമില്ലാതെ ചട്ടങ്ങൾ പുറപ്പെടുവിച്ചത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: നിയമം അധികാരപ്പെടുത്തുന്ന പരിധിയിൽനിന്നു കൊണ്ടുമാത്രമേ ചട്ടങ്ങളോ ഉപചട്ടങ്ങളോ പുറപ്പെടുവിക്കാൻ പാടുള്ളൂ എന്ന് നിയമസഭയുടെ കാര്യനിർവ്വഹണവും നടപടിക്രമങ്ങളും സംബന്ധിച്ച ചട്ടങ്ങളിലെ 166-ാം വകുപ്പ് അനുശാസിക്കുന്നുണ്ട്. എസ്.ആർ.ഒ 847/2010 പുറപ്പെടുവിച്ചതിലൂടെ സർക്കാരിൽ ഏൽപിക്കപ്പെട്ട ഈ അധികാര പരിധി ലംഘിക്കപ്പെട്ടിരിക്കുകയാണ്. കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 407 പ്രകാരവും കേരളാ പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 235 (എബി) പ്രകാരവും 1998 ഡിസംബർ 31 വരെയുള്ള അനധികൃത ഭൂ വികസനമോ കെട്ടിട നിർമ്മാണമോ സർക്കാരിന് നിർണ്ണയിക്കപ്പെട്ട വിധം ഫീസ് ഈടാക്കി ക്കൊണ്ട് ക്രമവൽക്കരിക്കാൻ ചട്ടം പുറപ്പെടുവിക്കുകയും അതനുസരിച്ച് ക്രമവൽക്കരണ നടപടികൾ നടത്തുകയും ചെയ്തിട്ടുണ്ട്. 1992 ഡിസംബർ 31-ന് ശേഷം 2008 ഡിസംബർ 31 വരെയുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തിക്കൊണ്ട് കേരള മുനിസിപ്പൽ ആക്ടിലെ സെക്ഷൻ 407-നോ കേരള പഞ്ചായത്തി രാജ് ആക്ടിലെ 235 (എബി) വകുപ്പിനോ ഭേദഗതി വരുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഇറക്കിയിട്ടുള്ള നോട്ടിഫിക്കേഷന്റെ എക്സ്പ്ലനേറ്ററി നോട്ട് നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. ഇതിനുശേഷം നാല് ഓർഡിനൻസുകൾ ഇറക്കി യത് അനാവശ്യമാണ്. ഈ ഓർഡിനൻസുകൾ വന്ന ശേഷം സഭ ചേർന്നു

വെങ്കിലും ഓർഡിനൻസുകൾ നിയമമാക്കുന്നതിന് ഗവൺമെന്റ് പരിശ്രമിച്ചിട്ടില്ല.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭരണ ഘടനയിലെ 213-ാം അനുഛേദം 1-ാം ഖണ്ഡ പ്രകാരം കേരള ഗവർണർ വിളംബരപ്പെടുത്തിയ 2010-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസും 2010-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 407-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235 (എബി) വകുപ്പും ഭേദഗതി ചെയ്തുകൊണ്ട് 1998 ഒക്ടോബർ 15-ാം തീയതി എന്നതിനു പകരം 2008 ഡിസംബർ 31-ാം തീയതി എന്ന് ചേർത്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി ഓർഡിനസുകൾ നിലവിലുള്ളപ്പോഴാണ് 2010-ലെ കേരള കെട്ടിട അനധികൃത നിർമ്മാണം ക്രമവത്കരിക്കൽ ചട്ടങ്ങൾ എസ്.ആർ.ഒ ആയി 21-08-2010-ൽ പ്രസിദ്ധീകരിച്ചത്. പ്രസ്തുത ചട്ടങ്ങൾ പുറപ്പെടുവിക്കാൻ സർക്കാരിന് ആ കാലത്ത് അധികാരമുണ്ടായിരുന്നു. ഭരണഘടനയുടെ 213-ാം അനുഛേദം രണ്ടാം ഖണ്ഡം പ്രകാരം ഗവർണർ വിളംബരപ്പെടുത്തിയ ഓർഡിനൻസിന് ഒരു ആക്ടിനുള്ള പ്രാബല്യവും പ്രഭാവവും ഉണ്ടായിരിക്കുന്നതാണ്. ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട ആക്ടിലെ വകുപ്പുകൾക്ക് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതും കേരള നിയമസഭയുടെ കാര്യനിർവ്വഹണവും നടപടിക്രമവും സംബന്ധിച്ച ചട്ടങ്ങളിലെ 166-ാം ചട്ടത്തിന്റെ പരിധിയിൽ വരുന്നതാണ്.

## റൂളിംഗ്

മി. സ്പീക്കർ: 1999-ലെ 14, 13 എന്നീ ഭേദഗതി ആക്ടുകൾ പ്രകാരം, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 407-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർത്തുകൊണ്ടും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235 (എ,ബി) വകുപ്പിനു പകരം പുതിയ വകുപ്പു ചേർത്തുകൊണ്ടും 1998 ഡിസംബർ മാസം 31-ാം തീയതിയോ അതിന് മുമ്പേ നടത്തിയ അനധികൃത ഭൂവികസനമോ കെട്ടിടനിർമ്മാണമോ ക്രമവൽക്കരിക്കുവാനും 2000-ൽ കൊണ്ടുവന്ന ഭേദഗതികളിലൂടെ 1999 ഒക്ടോബർ 15 വരെയുള്ള അനധികൃത ഭൂവികസനവും കെട്ടിട നിർമ്മാണവും ക്രമവൽക്കരിക്കുവാനും സഭ അധികാരം നൽകിയിട്ടുണ്ട്. 12-06-2010-ൽ ഗവർണ്ണർ പുറപ്പെടുവിച്ച 2010-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ്, 08-08-2010-ലെ 34-ാം നമ്പർ ഓർഡിനൻസ്, 22-01-2011-ലെ 10-ാം നമ്പർ ഓർഡിനൻസ്, 17-03-2011-ലെ 34-ാം നമ്പർ ഓർഡിനൻസ് എന്നിവ പ്രകാരം മൂന്ന് പ്രാവശ്യം റീ-പ്രൊമുൽഗേറ്റ് ചെയ്തിരുന്നുവെങ്കിലും 2011-ലെ 34-ാം നമ്പർ ഓർഡിനൻസിന് പകരമുള്ള ബിൽ സഭ മുമ്പാകെ കൊണ്ടുവന്ന് പാസ്സാക്കാതിരുന്ന സാഹചര്യത്തിൽ 13-07-2011-ൽ ഈ ഓർഡിനൻസ് ലാപ്സായി. മേൽപ്പറഞ്ഞ പ്രകാരമുള്ള ഭേദഗതി കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 407-ാം വകുപ്പിൽ വരുത്തിക്കൊണ്ട്, 12-06-2010-ൽ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2010-ലെ 26-ാം നമ്പർ) ഗവർണ്ണർ പ്രൊമുൽഗേറ്റ് ചെയ്യുകയും അതിനുശേഷം 08-08-2010-ലെ 32-ാം നമ്പർ

ഓർഡിനൻസ്, 21-01-2011-ലെ 15-ാം നമ്പർ ഓർഡിനൻസ്, 17-03-2011-ലെ 35-ാം നമ്പർ ഓർഡിനൻസ് എന്നിവ പ്രകാരം മൂന്ന് തവണ റീ-പ്രൊമുൽഗേറ്റ് ചെയ്യുകയും ചെയ്തുവെങ്കിലും 2011 ജൂലൈ 13-ാം തീയതി ഈ ഓർഡിനൻസും ലാപ്സായി. കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ സെക്ഷൻ 407-നും കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ സെക്ഷൻ 235 (എബി)-ക്കും വരുത്തിയ ഭേദഗതികൾക്ക് ഓർഡിനൻസിന്റെ പിൻബലത്തിൽ 2010 ജൂൺ 12 മുതൽ 2011 ജൂലൈ 13 വരെ നിയമപ്രാബല്യമുണ്ടായിരുന്നു. പ്രസ്തുത കാലയളവിൽ ചെയ്ത എല്ലാ കാര്യങ്ങളും നിയമാനുസൃതമാണ്. എന്നാൽ ഓർഡിനൻസിന്റെ കാലാവധി കഴിഞ്ഞതോടുകൂടി പ്രസ്തുത ഓർഡിനൻസിന്റെ പിൻബലത്തിൽ പുറത്തിറക്കിയ ചട്ടങ്ങൾക്കും പ്രാബല്യമില്ലാതായി. നമ്മുടെ ഭരണഘടന പ്രകാരം നിയമം ഉണ്ടാക്കേണ്ട ചുമതല നിയമസഭയിൽ നിക്ഷിപ്തമാണ്. ഓർഡിനൻസ് എന്നത് അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രം പുറപ്പെടുവിക്കുകയും കഴിയുന്നിടത്തോളം അത് ഒഴിവാക്കുകയും ചെയ്യുകയായിരിക്കണം ഒരു ജനാധിപത്യ ഗവൺമെന്റിന്റെ ഏറ്റവും നല്ല മാർഗ്ഗം. നിയമത്തിൽ ഓർഡിനൻസ് വഴി വരുത്തിയ ഭേദഗതിക്കനുസൃതമായി ചട്ടങ്ങൾ പുറപ്പെടുവിക്കുകയും അതിന്റെ ബലത്തിൽ അനധികൃത കെട്ടിടങ്ങളെ ക്രമവൽക്കരിക്കുകയും ചെയ്തശേഷം അക്കാര്യം സമയബന്ധിതമായി സഭയുടെ മുമ്പിൽ കൊണ്ടുവരാത്ത സാഹചര്യം സഭയിൽ നിക്ഷിപ്തമായ അധികാരം കവർന്നെടുക്കുന്നതിന് സമാനമാണ്. പതിമൂന്നാം കേരള നിയമസഭയിൽ 2008 ഡിസംബർ 31 വരെ നടത്തിയിട്ടുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങൾ നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്ന

തിനുവേണ്ടി 235(എബി) വകുപ്പ് ഭേദഗതി ചെയ്യുന്നതിനുവേണ്ടി കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ 08-05-2012-ലും, 2012 ഒക്ടോബർ 31 വരെ മുനിസിപ്പൽ പ്രദേശത്ത് നടത്തിയിട്ടുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിന് 407-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ട് 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ 12-02-2013-നും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു കാരണവശാലും നിയമസഭയെ അരുതാത്ത കാര്യങ്ങൾക്ക് സാക്ഷിയാക്കുവാനോ സഭയെ നോക്കുകുത്തിയാക്കി പെരുമാറാനോ പാടില്ല.

## നിയമനിർമ്മാണകാര്യം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (1) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഭാഷാ പിതാവായ എഴുത്തച്ഛന്റെ പേരിൽ മലയാളം സർവ്വകലാശാല സ്ഥാപിക്കണ മെന്നത് മലയാളികളുടെ ആവശ്യമാണ്. ഭാഷയിലും സംസ്കാരത്തിലുമുള്ള സാരവത്തായ പഠനത്തിനും ഗവേഷണത്തിനും കളമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് മലയാളം സർവ്വകലാശാല രൂപകല്പന ചെയ്തിട്ടുള്ളത്. ആധുനിക ഭരണ സംവിധാനവും കാര്യക്ഷമതയും പുതിയ സർവ്വകലാശാലയ്ക്ക് അവകാശപ്പെടാവുന്നതാണ്. മലയാളത്തിന് ക്ലാസിക്കൽ പദവി ലഭിക്കുകയും സ്കൂൾ വിദ്യാഭ്യാസത്തിൽ മലയാളം ഒന്നാം ഭാഷയാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

ഡോ. കെ.ടി. ജലീൽ: I move that-“This House resolves to disapprove The Thunchath Ezhuthachan Malayalam University Ordinance, 2013 (Ordinance No. 31 of 2013)”. സർവ്വകലാശാലകളെ സ്വയംപര്യാപ്തമാക്കാനുതകുന്ന രവീന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ ഇതുവരെ നടപ്പാക്കിയിട്ടില്ല. സർവ്വകലാശാലകളുടെ ആക്ടും സ്റ്റാറ്റ്യൂട്ടും കാലോചിതമായി പരിഷ്കരിക്കാത്തതുകൊണ്ട് പി.എസ്.സി. വഴി അദ്ധ്യാപകേതര നിയമനങ്ങൾ നടത്തുന്നതിനോ ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനോ സാധിച്ചിട്ടില്ല. മലയാളം

സർവ്വകലാശാലയെ ഇന്റഗ്രേറ്റഡ് പി.ജി. എന്നുള്ള ആശയം പ്രാവർത്തികമാക്കുന്ന സംസ്ഥാനത്തെ ആദ്യത്തെ കേന്ദ്രമാക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കണം. ലോകത്തെങ്ങുമുള്ള മലയാളികൾക്ക് ഈ സർവ്വകലാശാലയുടെ പ്രയോജനം ലഭിക്കത്തക്കവിധം ക്രമീകരിക്കുവാൻ കഴിയണം. ഈ ബില്ലിൽ പരാമർശിച്ചിട്ടുള്ള ലക്ഷ്യങ്ങളിൽ ഭാവിയെക്കുറിച്ചുള്ള ഒരു കാഴ്ചപ്പാടും ഇല്ല. മലയാളം സർവ്വകലാശാല സ്ഥാപിക്കാൻ മുൻ ഒരുക്കങ്ങളോ ഇതിനുവേണ്ടി ഒരു സെന്റ് ഭൂമിയോ അക്വയർ ചെയ്തിട്ടില്ല. തുഞ്ചൻ ആർട്സ് ആന്റ് സയൻസ് കോളേജിനോട് ചേർന്ന് കിടക്കുന്ന അഞ്ചേക്കർ സ്ഥലം ഹെഡ്ക്വാർട്ടേഴ്സ് സ്ഥാപിക്കാൻ അക്വയർ ചെയ്യുമെന്നാണ് പറഞ്ഞിട്ടുള്ളത്. 100 ഏക്കറെങ്കിലും ഒരു സ്ഥലത്ത് കണ്ടെത്തിയാൽ മാത്രമേ ഒരു സർവ്വകലാശാല സ്ഥാപിക്കാൻ സാധിക്കുകയുള്ളു. ബില്ലിൽ 9-ാമത്തെ പേജിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ എന്നതിൽ 'വിവിധ മേഖലകളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എഴുത്തുകാർ, അവതരണ കലാകാരൻമാൻ, പണ്ഡിതർ, തുടങ്ങിയ എട്ട് പേരിൽ രണ്ടുപേർ സ്ത്രികളായിരിക്കണം. രണ്ടാമത്തെ ക്ലോസ്സിൽ പറഞ്ഞിട്ടുള്ള സാഹിത്യത്തിലും സാംസ്ക്കാരിക കാര്യങ്ങളിലും താൽപര്യം ഉള്ള രണ്ട് പൊതു പ്രവർത്തകർ എന്നുള്ളത് ദുരുപയോഗം ചെയ്യാതിരിക്കാൻ സർവ്വകലാശാലാ ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്ന സ്ഥലത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്തിന്റെ അദ്ധ്യക്ഷൻ എന്നിവരെ നിയോഗിക്കണം. ഇക്കാര്യങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കണം. നോമിനേറ്റഡ് ബോഡി സർവ്വകലാശാലയെ ഭരിക്കുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല.

<u>ശ്രീ. വി. ശശി:</u> പ്രമേയത്തെ അനുകൂലിക്കുന്നു. കാലഹരണപ്പെട്ട വിഷയങ്ങളിൽ ഒതുക്കി നിർത്താതെ ഇൻഫർമേഷൻ ടെക്നോളജി, നാനോ ടെക്നോളജി, ടെലി കമ്മ്യൂണിക്കേഷൻ, മാസ് കമ്മ്യൂണിക്കേഷൻ ബഹിരാകാശ ശാസ്ത്രം തുടങ്ങി ആധുനിക ശാസ്ത്രസാങ്കേതിക വിഷയങ്ങളിലും സാമൂഹിക മാനവിക വിഷയങ്ങളിലും തൊഴിലധിഷ്ഠിത വിഷയങ്ങളിലും മലയാള മാധ്യമത്തിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന ഒരു സ്ഥാപനമായി ഈ സർവ്വകലാശാല മാറണം. ഏതൊരു വിഷയത്തിലും പി.എച്ച്.ഡി. ഉൾപ്പടെയുള്ള ഗവേഷണ പ്രബന്ധങ്ങൾ മലയാളത്തിൽ എഴുതി സമർപ്പിക്കുന്നതിനും അവ മൂല്യനിർണ്ണയം നടത്തി ബിരുദങ്ങൾ നൽകുന്നതിനും അവസരമുണ്ടാകണം. കേരള സമൂഹവുമായി ബന്ധപ്പെട്ട സമസ്ത വിജ്ഞാനങ്ങളുടേയും അദ്ധ്യയനവും ഗവേഷണവും മലയാളത്തിലൂടെ സാധ്യമാകുന്ന തരത്തിൽ ഭാഷയെ സജ്ജമാക്കണം. അന്യ ഭാഷാ വിഷയങ്ങളൊഴികെ മറ്റെല്ലാ ഗവേഷണ പ്രബന്ധങ്ങളും മലയാളത്തി ലാക്കണം. പഠന ഭാഷ മലയാളമാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തി യെങ്കിലും അത് നടപ്പാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് തയ്യാറാകാത്തത് നിർഭാഗ്യകരമാണ്. പത്താംക്ലാസ്സ് വരെ മലയാളം നിർബന്ധിത ഒന്നാം ഭാഷ യാക്കി നിയമനിർമ്മാണം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

<u>ശ്രീ. കെ. രാജു:</u> 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-4-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളമൊട്ടാകെ അധികാരപരിധിയുള്ള മലയാളം സർവ്വകലാശാലയുടെ ആസ്ഥാനം തലസ്ഥാന നഗരിയിൽത്തന്നെ സ്ഥാപിക്കുന്നത് സൗകര്യപ്രദമാ

യിരിക്കുമെന്ന് കരുതുന്നു. മലയാളം സർവ്വകലാശാലയിൽ ലോകത്തിലെ മുഴുവൻ വിജ്ഞാനവും മലയാളത്തിൽ ലഭ്യമാക്കാൻ കഴിയണം. സർവ്വകലാശാലയുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന ജനറൽ കൗൺസിലിൽ വനിതാ പ്രാതിനിധ്യം ഉറപ്പാക്കണം.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മലയാള ഭാഷയ്ക്ക് മാന്യതയും അംഗീകാരവും ലഭിച്ചിരിക്കുകയാണ്. മലയാളത്തിലുള്ള അറിവ് സർക്കാർ ജോലിക്ക് നിർബന്ധമാക്കിയത് നല്ലൊരു തീരുമാനമാണ്. കേരളത്തിന്റെ നവോത്ഥാന പഠനം കൂടി ഈ സർവ്വകലാശാലയുടെ പരിധിയിൽ കൊണ്ടുവരണം. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. സസ്യസമ്പത്ത് പരമാവധി പ്രയോജനപ്പെടുത്താനും സാങ്കേതിക അറിവുകൾ മെച്ചപ്പെടുത്താനും മലായള ഭാഷയെ വളർത്തിയെടുക്കണം. പരമ്പരാഗത ജ്ഞാനം ശാസ്ത്ര രൂപത്തിൽ പ്രയോജനപ്പെടുത്താനുള്ള സംവിധാനമുണ്ടാക്കണം. കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെ മനുഷ്യന് പ്രയോജനപ്പെടുത്തേണ്ട ആശയങ്ങളെ സ്വന്തം ഭാഷയിൽ രൂപപ്പെടുത്താൻ കഴിയുന്ന തരത്തിലായിരിക്കണം സർവ്വകലാശാല വളർത്തേണ്ടത്. പുതിയ തലമുറയ്ക്ക് മലയാള ഭാഷയെക്കുറിച്ച് ആത്മാഭിമാനം ഉണ്ടാകത്തക്കരീതിയിൽ ശുദ്ധമായ മലയാള ഭാഷ പ്രയോഗിക്കാൻ ഈ സ്ഥാപനത്തെ ഉപയുക്തമാക്കണം. മലയാള ഭാഷയെ വളർത്തുന്നതിനും നവോത്ഥാന നായകർ സമൂഹത്തിന് നൽകിയ ഉന്നതമായ സംഭാവനകളെ

ക്കുറിച്ച് വരുംതലമുറയ്ക്ക് പകർന്നുനൽകാനുള്ള ഗവേഷണം നടത്താനും ഈ സർവ്വകലാശാലയ്ക്ക് കഴിയണം.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: ഭരണഭാഷയും കോടതി ഭാഷയും മാതൃഭാഷ യാക്കുന്നതിന് മലയാള ഭാഷാ നിയമം കൊണ്ടുവന്നാൽ മാത്രമേ ഈ ബിൽ പൂർണ്ണവും യാഥാർത്ഥ്യവുമാകുകയുള്ളൂ. ഒരു സർക്കാർ വകുപ്പാക്കിയോ ശാസ്ത്രത്തിന്റേയോ ചരിത്രത്തിന്റേയോ സർവ്വകലാശാലയാക്കിയോ മലയാള സർവ്വകലാശാലയെ മാറ്ററുത്. ഇതിന്റെ പേര് മലയാള സർവ്വകലാശാല എന്നാക്കുന്നതായിരിക്കും ഉചിതം. വള്ളത്തോൾ, കുമാരനാശാൻ, ഉള്ളൂർ എന്നീ പ്രതിഭാശാലികളുടെ സംഭാവനകളെ ആദരിക്കുന്നതോടൊപ്പം ഭാഷാ ശൈലിയും അതിന്റെ പരിമിതിയും അവരിൽ മാത്രം ഒതുങ്ങുന്നതാകരുത്. ദളിത് ഭാഷയുടെ ശക്തിയും സൗന്ദര്യവുംകൂടി ഉൾക്കൊള്ളാൻ തയ്യാറാകണം. ബില്ലിൽ വള്ളത്തോൾ ചെയർ ഉൾപ്പെടുത്താനും തർക്കം വന്നാൽ ചാൻസലർക്ക് വിടുന്നതിന് പകരം തെരഞ്ഞെടുപ്പിലൂടെ പരിഹ രിക്കാനും നിയമനം പി.എസ്.സി. വഴിയാക്കാനും തയ്യാറാകണം. ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങൾ നിലനിർത്തിക്കൊണ്ട് മലയാള ഭാഷയെ സംരക്ഷിക്കാനുള്ള നടപടിയുണ്ടാകണം.

<u>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി</u>: ആഗോളവൽക്കരണം പോലുള്ള പ്രതിഭാസങ്ങൾ സംസ്ക്കാരങ്ങളെയും ദേശീയതകളെയും ഉപദേശീയതകളെയും ഭാഷകളെയുമെല്ലാം തകർത്തുകൊണ്ടിരിക്കുകയാണ്. ഇന്ന് മലയാള ഭാഷയെ സമ്പുഷ്ടമാക്കുന്നതിനും അതിന്റെ സമഗ്രമായ വികസനത്തിനുംവേണ്ടി മലയാളം സർവ്വകലാശാല സ്ഥാപിക്കുന്നതിനെക്കു റിച്ച് ചർച്ച ചെയ്യുന്നത് ഒരു ചെറുത്തുനിൽപ്പിന്റെ ഭാഗമായാണ്. മാതൃ ഭാഷയെ സംരക്ഷിക്കുകയെന്നത് ഏതൊരു മനുഷ്യന്റെയും അടിസ്ഥാനപര

മായ അവകാശമാണ്. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടാണ് യുനസ്കോ ഫെബ്രുവരി ഒന്നാം തീയതി മാതൃഭാഷാ ദിനമായി ആചരിക്കാൻ തീരുമാനിച്ചത്. ലോകത്ത് ഭാഷണശേഷിയുള്ള ഏക ജീവിയായ മനുഷ്യന്റെ ഐശ്വര്യം കുടികൊള്ളുന്നത് ഭാഷയിലാണ്. അതുകൊണ്ട് ഒരു സംസ്ക്കാര കേന്ദ്രമായും ജനകീയ സർവ്വകലാശാലയായും ഈ സ്ഥാപനത്തെ പടുത്തുയർത്തണം. നമുക്ക് മാതൃഭാഷയെ തിരിച്ചറിയാൻ കഴിയണം. കോടതിഭാഷ മലയാളവത്കരിക്കുക എന്നത് നാടിന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ്. ഓരോ വ്യക്തിക്കും അവനവന്റെ ഭാഷയിൽ അറിയാനുള്ള അവകാശമുണ്ട്. ഈ ബില്ലിലെ ചില ആംഗലേയ പദങ്ങൾകൂടി മലയാളവത്കരിക്കേണ്ടതുണ്ട്.

നിരാകരണ പ്രമേയവും ഭേദഗതികളും സഭ നിരാകരിച്ചു.

2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ

**ക്രമപ്രശ്നം**

**ബില്ലിന്റെ അവതരണത്തെ സംബന്ധിച്ച്**

ശ്രീ. എ. കെ. ബാലൻ: 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ ഭരണഘടനാപരമായോ നിയമസഭാ ചട്ടപ്രകാരമോ അവതരിപ്പിക്കുവാൻ പാടില്ല. തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റിനെ പിരിച്ചുവിട്ട്

നോമിനേറ്റഡ് സിൻഡിക്കേറ്റാക്കിയത് 2011 സെപ്തംബർ മാസം 22-ാം തീയതിയാണ്. ഇതിന്റെ കാലാവധി പരമാവധി ഒരു വർഷമായിരുന്നു. ഈ നോമിനേറ്റഡ് സിൻഡിക്കേറ്റിന് വീണ്ടും ഒരു വർഷംകൂടി നീട്ടിക്കൊടുക്കുവാൻ ഓർഡിനൻസ് കൊണ്ടുവരുന്നത് 2011 സെപ്തംബർ മാസം 30-ാം തീയതിയാണ്. സിൻഡിക്കേറ്റ് പിരിച്ചുവിട്ട് എട്ടു ദിവസം കഴിഞ്ഞശേഷം ഓർഡിനൻസ് പുറപ്പെടുവിച്ച് നിലവിലില്ലാത്ത സിൻഡിക്കേറ്റിന് റിട്രോസ്പക്ടീവ് ഇഫക്ട് കൊടുത്ത് ഒരുതരത്തിലും പുനരുജ്ജീവിപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അധികാരമില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദുറബ്ബ്)</u>: മുൻകാല പ്രാബല്യം നൽകിയതുകൊണ്ടുമാത്രം കാലഹരണപ്പെട്ട അവകാശം പുനരുജ്ജീവിക്കില്ല എന്നതുകൊണ്ടാണ് ബില്ലിന്റെ മൂന്നാം ഖണ്ഡമായി പ്രത്യേക സാധൂകരണ വ്യവസ്ഥ കൊണ്ടുവന്നിട്ടുള്ളത്. ഈ വ്യവസ്ഥയുള്ളതിനാൽ കാലാവധിക്കുശേഷം നാമനിർദ്ദേശം ചെയ്യപ്പെട്ട സിൻഡിക്കേറ്റിന് തുടരാവുന്നതും അവരുടെ കാലാവധി പുനർജനിച്ചതായി കരുതാവുന്നതുമാണ്.

## റൂളിംഗ്

<u>മി. സ്പീക്കർ</u>: കാലിക്കറ്റ് സർവ്വകലാശാലയുടെ നോമിനേറ്റ് ചെയ്ത സിൻഡിക്കേറ്റിന്റെ കാലാവധി 22-09-2012-ൽ അവസാനിച്ചുവെങ്കിലും 22-09-2012 മുതൽ 2012-ലെ 55-ാം നമ്പർ ഓർഡിനൻസ് പ്രഖ്യാപിച്ച 30-09-2012-വരെയുള്ള കാലയളവിൽ ചെയ്ത ഏതെങ്കിലും കാര്യമോ സ്വീകരിച്ച നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സാധുതയോടെ എടുത്തതായി കരുതണമെന്ന സാധൂകരണ വകുപ്പ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ ബിൽ

ആക്ട് ആകുന്ന സമയത്ത് അതിന് 2012 സെപ്തംബർ 22 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. ഇതിനു മുമ്പും ഈ സഭ പരിഗണിച്ചു പാസ്സാക്കിയ കേരള ഗ്രന്ഥശാലാ സംഘം മാനേജുമെന്റ് ഏറ്റെടുക്കൽ ഭേദഗതി ബില്ലിലും ബോർഡ് ഓഫ് കൺട്രോളിന്റെ കാലാവധി അവസാനിച്ചിരുന്നുവെങ്കിലും അതിന്റെ കാലാവധി നീട്ടിയപ്പോൾ പിൻകാല പ്രാബല്യം നൽകിയതായി കാണുന്നു. ഈ സാഹചര്യത്തിലും മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ശ്രീ. എ. കെ. ബാലന്റെ തടസ്സവാദം നിലനിൽക്കുന്നതല്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കോഴിക്കോട് സർവ്വകലാശാലയിലെ നിലവിലുള്ള സിൻഡിക്കേറ്റ് അംഗങ്ങളെ പിരിച്ചുവിടുകയും ചാൻസിലർ നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ ചുമതലയേൽക്കു

കയും ചെയ്തു. 1975-ലെ കോഴിക്കോട് സർവ്വകലാശാല നിയമം അനുസരിച്ച് നിലവിലുള്ള അംഗങ്ങളുടെ കാലാവധി 2012 സെപ്റ്റംബർ 21-ാം തീയതി അവസാനിക്കുകയുണ്ടായി. സെനറ്റിലേയ്ക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് നിലവിലുള്ള അംഗങ്ങളുടെ കാലാവധി ദീർഘിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി 2 വർഷമാക്കി ഉയർത്തുന്നതിന് നിയമം ഭേദഗതി ചെയ്ത് പുറപ്പെടുവിച്ച ഓർഡിനൻസിന് പകരമുള്ള ഭേദഗതി ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. എ. പ്രദീപ് കുമാർ: I move that-"This House resolves to disapprove The Calicut University (Amendment) Ordinance, 2013 (Ordinance No. 30 of 2013)". 1975-ലെ കോഴിക്കോട് സർവ്വകലാശാല നിയമത്തിന്റെ ഏഴാം വകുപ്പിൽ കൊണ്ടുവരുന്ന ഭേദഗതി ദുരുദ്ദേശപരമാണ്. വസ്തുനിഷ്ഠമല്ലാത്ത കാര്യങ്ങളാലാണ് തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റിനെ പിരിച്ചുവിട്ടത്. നാമനിർദ്ദേശം ചെയ്യപ്പെട്ട സിൻഡിക്കേറ്റിന് ഒരു വർഷമേ കാലാവധി അനുവദിക്കാൻ പാടുള്ളൂവെന്നും അക്കാദമികവും നയപരവുമായ മുൻതീരുമാനങ്ങൾ പരിശോധിക്കുന്നതിന് ഈ സംവിധാനത്തിന് അധികാരമില്ലെന്നും ഒരു കെയർ ടേക്കർ ഗവൺമെന്റിന്റെ ധർമ്മം മാത്രമാണുള്ളതെന്നും യൂണിവേഴ്സിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കോളേജുകൾ അനുവദിക്കുക, സർട്ടിഫിക്കറ്റുകൾ നൽകുക, പരീക്ഷാ നടത്തിപ്പിന്റെ ചുമതല സ്വാശ്രയ കോളേജുകളേയും പാരലൽ കോളേജുകളേയും ഏൽപ്പിക്കുക തുടങ്ങിയ അഴിമതികളാണ് വൈസ്ചാൻസലർ തന്റെ

വിവേചനാധികാരം ഉപയോഗിച്ച് സർവ്വകലാശാലയിൽ നടത്തിക്കൊണ്ടിരിക്കുന്നത്. യൂ.ജി.സി പ്രഖ്യാപിച്ചിട്ടുള്ള ക്വാളിഫിക്കേഷൻ നോംസ് ഒന്നും അംഗീകരിക്കാത്ത ഇന്ത്യയിലെ ഏക യൂണിവേഴ്സിറ്റി ഇതാണ്. വൈസ് ചാൻസലർക്കും അദ്ദേഹത്തിന്റെ ചെയ്തികൾക്ക് കൂട്ടു നിൽക്കുന്ന സിന്റിക്കേറ്റ് അംഗങ്ങൾക്കുമെതിരെ നടപടി സ്വീകരിക്കണം.

ശ്രീ. ഇ.കെ. വിജയൻ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. കോഴിക്കോട് സർവ്വകലാശാല 1968-ലാണ് രൂപീകൃതമായത്. സർവ്വകലാശാലകളിൽ മികച്ച ഭരണാധികാരികളെയാണ് വൈസ് ചാൻസലർമാരായി നിയമിക്കപ്പെടേണ്ടത്. അതിനുവിരുദ്ധമായി സർവ്വകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ച് യാതൊരു ധാരണയുമില്ലാത്തവർ സർവ്വകലാശാലകളുടെ അധികാരസ്ഥാനങ്ങളിൽവരുന്നത് ഗുരുതരമായ പ്രതിസന്ധികൾ ഉണ്ടാക്കും. കോഴിക്കോട് സർവ്വകലാശാലയിൽ നടന്നുവരുന്ന തികച്ചും ജനാധിപത്യ വിരുദ്ധമായ പ്രവർത്തനങ്ങൾക്ക് പരിഹാരമുണ്ടാകണം.

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-5-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഗവേഷണത്തിനും പഠനത്തിനും ഉതകുന്ന രീതിയിൽ വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിയാതെ കേരളത്തിലെ സർവ്വകലാശാലകൾ മൂല്യച്യുതി അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരംമൂലം പരീക്ഷകൾ കൃത്യസമയത്ത് നടത്താൻ കഴിയുന്നില്ല. സർവ്വകലാശാലകൾക്ക് ഓട്ടോണമസ് പദവി നൽകാത്തതുമൂലം വേൾഡ് ബാങ്കിന്റെ ധനസഹായം സംസ്ഥാനത്തിന് നഷ്ടപ്പെടുന്ന സ്ഥിതി സംജാതമായിരിക്കുകയാണ്. ഉന്നത വിദ്യാ

ഭ്യാസ രംഗത്ത് സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കുന്ന വിധത്തിൽ പോസിറ്റീവായ സമീപനം സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവ്വകലാശാലകളെ കലാപശാലകളാക്കി മാറ്റുന്ന പ്രവർത്തനങ്ങളാണ് ഇന്ന് സംസ്ഥാനത്ത് നടക്കുന്നത്. വിദ്യാഭ്യാസ കച്ചവടക്കാരുടെ വിഹാരരംഗമായി ഇന്ന് സർവ്വകലാശാലകൾ മാറിയിരിക്കുകയാണ്. സാംസ്കാരിക പ്രകോപനം നടക്കേണ്ട സർവ്വകലാശാലകളിൽ ഇന്ന് വർഗ്ഗീയ പ്രകോപനങ്ങളാണ് നടക്കുന്നത്. യു.ജി.സി. പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ നിരുത്തരവാദപരമായി വൈസ് ചാൻസലർമാരെ തെരഞ്ഞെടുക്കുന്നത് സംസ്ഥാനത്തിന് അപമാനകരമാണ്. ഹൈക്കോടതിയിൽനിന്നും വിരമിച്ച ജഡ്ജിമാരുടെ ഒരു സെലക്ഷൻ പാനൽ രൂപീകരിച്ചുകൊണ്ട് മെരിറ്റ് അടിസ്ഥാനത്തിൽ വൈസ് ചാൻസലറെ നിയമിക്കണം. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ, രജിസ്ട്രാർ തുടങ്ങിയ നിയമനങ്ങളിൽ ജാതിപരിഗണനകളും സ്വാർത്ഥ താൽപ്പര്യങ്ങളും സ്വജനപക്ഷപാതവും പാടില്ല. സിൻഡിക്കേറ്റിന്റെ കാലാവധി രണ്ട് വർഷത്തേയ്ക്ക് നീട്ടിക്കൊടുക്കുവാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കണം. സർവ്വകലാശാലയുടെ പ്രവർത്തനം രാഷ്ട്രീയവത്ക്കരിക്കുന്നത് ശരിയല്ല. കേരളത്തിലെ സർവ്വകലാശാലകളെ ചിന്താ പ്രകോപനത്തിന്റെയും സാംസ്കാരിക പ്രകേപനങ്ങളുടെയും കേന്ദ്രങ്ങളാക്കുന്നത് തടയണം.

നിരാകരണപ്രമേയവും ഭേദഗതികളും സഭ നിരാകരിച്ചു.

2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (3) 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): 2013-ലെ കേരള വെറ്ററിനറിയും ജന്തു ശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. ചെയർമാൻ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ.പി. മോഹനൻ : 2013-ലെ കേരള വെറ്ററിനറിയും ജന്തു ശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗ സംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.പി. മോഹനൻ : സർവ്വകലാശാല ആക്റ്റിലെ സെക്ഷൻ 57 (7) വ്യവസ്ഥ ഭേദഗതി ചെയ്ത് 56 വയസ്സായി തീരുമാനിക്കണമെന്നതിലേയ്ക്കാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 56 വയസ്സായി ഉയർത്തിയ സാഹചര്യത്തിൽ സർവ്വകലാശാല ജീവനക്കാരുടെയും പെൻഷൻ പ്രായം ഉയർത്തി നിശ്ചയിക്കുന്നതിനുള്ളതാണ് ഭേദഗതി.

ശ്രീ. കെ. അജിത് : I move that – “This House resolves to disapprove The Kerala Veterinary and Animal Sciences University (Amendment) Ordinance, 2013 (Ordinance No.26 of 2013)”. പങ്കാളിത്ത പെൻഷൻ നടപ്പിലാക്കാനുള്ള തീരുമാനവും പെൻഷൻ പ്രായം ഉയർത്തിയതും സർക്കാരിന്റെ ഏകപക്ഷീയ നിലപാടാണ് വ്യക്തമാക്കുന്നത്. വെറ്ററിനറി സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ പ്രായം 55 വയസ് എന്നുള്ളത് 56 ആക്കി വർദ്ധിപ്പിക്കുന്നത് തൊഴിൽരഹിതരായ ചെറുപ്പക്കാരെ പ്രതികൂലമായി ബാധിക്കുന്നതാണ്. നിലവിലുള്ള ജീവനക്കാരുടെ പെൻഷൻ പ്രായം സംബന്ധിച്ച് വ്യക്തമായ ധാരണയിലെത്താൻ സർക്കാരിന് സാധിച്ചിട്ടില്ല. സർവ്വകലാശാലയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് വകുപ്പ് യാതൊരു ശ്രദ്ധയും കാണിക്കുന്നില്ല.

ശ്രീ. റ്റി.വി. രാജേഷ്: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. സർവ്വകലാശാലയുടെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസൃതമായി അതിന്റെ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയണം. ഈ സർവ്വകലാശാലയിലെ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്നതിന് വേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇത് കേരളത്തിലെ തൊഴിൽരഹിതരായ

യുവജനങ്ങളോട് കാണിക്കുന്ന ക്രൂരതയാണ്. കാർഷിക-വ്യാവസായിക മേഖലകളിൽ വികസനമില്ലാത്ത ഇന്നത്തെ സാഹചര്യത്തിൽ പെൻഷൻ പ്രായം ഉയർത്താനുള്ള തീരുമാനത്തിൽ നിന്ന് സർക്കാർ പിൻമാറണം.

( 1 എ ഭേദഗതി അവതരിപ്പിച്ചില്ല)

ശ്രീ. വി. ഡി. സതീശൻ: 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ സർവ്വകലാശാലയുടെ പ്രവർത്തനവും ഗവേഷണ/പരിശീലന സംവിധാനങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തണം. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് വിലകുറഞ്ഞ, സമീകൃതമായ കാലിത്തീറ്റയും കോഴിത്തീറ്റയും നൽകുന്നതിനുള്ള ഗവേഷണങ്ങൾ സർവ്വകലാശാല ആസ്ഥാനമാക്കി നടത്തുകയും പാലിന്റേയും മുട്ടയുടേയും ഉൽപ്പാദനം വർദ്ധിപ്പിക്കുകയും അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഇവ കൊണ്ടുവരുന്നത് അവസാനിപ്പിക്കുകയും ചെയ്യണം. മികച്ച ശാസ്ത്രജ്ഞൻമാരെ സൃഷ്ടിച്ചെടുക്കുന്നതിനായി ഈ സർവ്വകലാശാലയെ പ്രയോജനപ്പെടുത്തണം. ഗവേഷണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ സർവ്വകലാശാലയുടെ മണ്ണുത്തി, പൂക്കോട് തുടങ്ങിയ കേന്ദ്രങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണം. സർവ്വകലാശാലയുടെ ഭരണസമിതി വിപുലീകരിക്കണം. യൂണിവഴ്സിറ്റിയുടെ ഭാഗമായി ലൈവ്സ്റ്റോക്ക് പാർക്ക് കൊണ്ടുവരണം. ഗവേഷണത്തിന് പ്രാധാന്യം കൊടുത്ത് ആധുനിക കോഴ്സുകൾ ആരംഭിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. മോഹനൻ):</u> അക്കാഡമിക് കാര്യങ്ങളിലും ഇൻഫ്രാസ്ട്രക്ച്ചർ രംഗത്തും ഈ സർവ്വകലാശാല വളരെയധികം പുരോഗതി കൈവരിച്ചിട്ടുണ്ട്. സർവ്വകലാശാലയിലെ ജീവനക്കാരുടെ പെൻഷൻ പ്രായം 56 വയസ്സാക്കാനുള്ള ഒരു ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 3.51-ന് പിരിഞ്ഞു.

------